# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2641 | 17.06.2019 ൽ മറുപടിയ്ക്ക്

## ശബരി കുപ്പിവെള്ള പദ്ധതി

| | ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
|---|---|---|
| (എ) | പത്തനാപുരത്ത് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിരുന്ന ശബരി കുപ്പിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ഈ പദ്ധതിക്കായി ഇതിനകം എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) പത്തനാപുരത്ത് പുന്നലയ്ക്കടുത്തുള്ള കടശ്ശേരിയിൽ ആരംഭിച്ച ശബരി കുപ്പിവെള്ള പദ്ധതി വനംവകുപ്പ് കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നു. 23.10.2013-ൽ ആദ്യഘട്ട നിർമ്മാണം കെ.എഫ്.ഡി.സി. പൂർത്തിയാക്കി. ടി പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർ ത്തനങ്ങൾ കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പാട്ടഭൂമിയായ റിസർവ്വ് വനത്തിനുള്ളിലായതിനാലും ഈ പദ്ധതി വനേതര പ്രവർത്തനമായതിനാലും ആയത് നിർത്തിവെയ്ക്കുവാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഉത്തരവായിരുന്നു. 07.11.2016-ൽ ചേർന്ന യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു.<br><br>1. പദ്ധതി വനംവകുപ്പ് ഏറ്റെടുത്ത് നടത്തുക<br><br>2 . പദ്ധതികളുടെ നിർമ്മാണം വനം വകുപ്പിന് കൈമാറുന്നതിനുള്ള നടപടി കെ.എഫ്.ഡി.സി സ്വീകരിക്കുക, ഫണ്ട് എസ്.എഫ്.ഡി.എ-യിലേക്ക് ട്രാൻസ്ഫർ ചെയ്യുക |

| | | |
|---|---|---|
| | | 3. ശബരിജലം മിനറൽ വാട്ടറിന് ബി.ഐ.എസ് സർട്ടിഫിക്കേഷൻ വാങ്ങുക.<br><br>4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം)-ന്റെ നേതൃത്വത്തിൽ എസ്.എഫ്.ഡി.എ വഴി 4 മാസത്തിനകം കുടിവെള്ള പദ്ധതിയുടെ ട്രയൽ റൺ നടത്തേണ്ടതാണ്.<br><br>എന്നാൽ വനേതര പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് നിലവിലുള്ള നിയമപ്രകാരം എസ്.എഫ്.ഡി.എ-ക്ക് അനുമതിയില്ലാത്തതിനാൽ ടി തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.<br><br>ഈ പദ്ധതിക്കായി അനുവദിച്ച ഒരു കോടി രൂപയിൽ 5753898 രൂപ ഇതുവരെ ചെലവായിട്ടുണ്ട്. |
| (ബി) | പദ്ധതിയ്ക്കായി വനത്തിൽ നടത്തിയ പ്ലാന്റ് നിർമ്മാണ പ്രവൃത്തിയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ബി) ടി പദ്ധതിക്ക് ഇതുവരെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ